
# സമരപൈതൃകങ്ങളുടെ ജ്വാലാമുഖം

## വയലാറിൽ താൻ പിറന്ന കുന്തിരിശ്ശേരി വീട് സർ സി.പിയുടെ ചോറ്റുപട്ടാളം അഗ്നിക്കിരയാക്കുന്നതു കണ്ടുനിൽക്കേണ്ടിവന്ന ബാലൻ ഇന്ന് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അമരക്കാരനായിരിക്കുന്നു

■ **മുസാഫിർ**

**പ**രിക്ഷീണമെങ്കിലും ദൃഢതയുടെ നിഴലനക്കങ്ങളിൽ നിന്നു നിർമുക്തനാകാൻ തയാറാകാത്ത സി.കെ. ചന്ദ്രപ്പൻ ചാനൽ ചർച്ചകളിൽ നിറഞ്ഞു നിൽക്കുമ്പോഴാണ് ഈ കുറിപ്പെഴുതുന്നത്. ആ ശബ്ദം പലപ്പോഴും ചിലമ്പിച്ചു പോകുന്നത് എന്നെ സങ്കടപ്പെടുത്തുന്നു. ചന്ദ്രപ്പനെ വലയം ചെയ്ത് ന്യൂസ് അവറുകൾ കത്തിക്കയറവെ, എഴുപതുകളുടെ ആദ്യപാതിയിൽ ന്യൂഡൽഹി ഫിറോസ്ഷാ കോട്‌ലാ മാർഗിലെ സി.പി.ഐ ആസ്ഥാനമായ അജോയ് ഭവനിൽ വച്ച് അദ്ദേഹത്തെ ആദ്യമായി കണ്ട നിമിഷം ഓർമയിൽ നിറഞ്ഞു.


സി.കെ. ചന്ദ്രപ്പൻ

സമൃദ്ധമായി വളർത്തിയ തലമുടി ഹിപ്പി സ്റ്റൈലിൽ പിന്നിലേക്കു ചീകിയൊതുക്കി ഊർജസ്വലനായി ഓടി നടക്കുന്ന ചന്ദ്രപ്പൻ. (കഷണ്ടിയും അസൂയയും രണ്ടുമുള്ള കക്ഷിയാണ് ചന്ദ്രപ്പനെന്ന എം. വിജയകുമാറിന്റെ പരിഹാസത്തിനുള്ള മറുപടി കാലം നൽകട്ടെ). ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ യുവജനഫെഡറേഷൻ നേതാക്കൾക്ക് നിർദ്ദേശം നൽകിക്കൊണ്ടിരിക്കുകയാണ് അദ്ദേഹം. ലോകജനാധിപത്യ യുവജനസംഘടനയുടെ (ഡബ്ല്യു.എഫ്.ഡി.വൈ) ഒരു സ്പെഷ്യൽ മീറ്റിനുള്ള ഒരുക്കമായിരുന്നു അവിടെ. അന്ന് എ.ഐ.വൈ.എഫ് അഖിലേന്ത്യാ പ്രസിഡന്റും പാർലമെൻറംഗവുമായിരുന്നു ചന്ദ്രപ്പൻ. സി.പി.ഐ സെൻട്രൽ പാർട്ടി സ്കൂൾ വിദ്യാർഥിയായി ഒന്നര മാസത്തെ പഠനത്തിനായി എത്തിയതായിരുന്നു എ.ഐ.എസ്.എഫുകാരായിരുന്ന ഞാനും കോഴിക്കോട്ടെ വി.എം. ഉണ്ണിക്കൃഷ്ണനും (ഇപ്പോൾ ഫെഡറൽ ബാങ്ക് ബാംഗ്ലൂർ ഏരിയാ മാനേജരായ ഉണ്ണിക്കൃഷ്ണൻ പഴയ തലമുറയിലെ പ്രസിദ്ധ ഫോട്ടോഗ്രാഫർ പരേതനായ സി.എം.വി നമ്പീശന്റെ പുത്രനാണ്. കാലം മായ്ക്കാത്ത പുഞ്ചിരി തൂകി

നിൽക്കുന്ന സഖാവ് കൃഷ്ണപിള്ളയുടെ പ്രസിദ്ധമായ ഫോട്ടോ എടുത്തത് നമ്പീശനായിരുന്നു. കൃഷ്ണപിള്ളയുടെ ആ ഒരൊറ്റ പോസിലുള്ള പടം മാത്രമേ ഇന്ന് ലഭ്യമായുള്ളൂ). കോളേജ് വിദ്യാർഥികളായിരുന്ന എന്നെയും ഉണ്ണിക്കൃഷ്ണനേയും ചന്ദ്രപ്പന്റെ ചടുലമായ നീക്കങ്ങൾ ഏറെ ആകർഷിച്ചു. മനോഹരമായ ആ ഹെയർസ്റ്റൈലിനും വേഷവിധാനത്തിനും പുറമെ ഉജ്ജ്വലമായ അദ്ദേഹത്തിന്റെ ഇംഗ്ലീഷ് പ്രസംഗവും ഞങ്ങളുടെ ആദരവ് ഇരട്ടിപ്പിച്ചു. സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറി ലിയോനിഡ് ബ്രഷ്നേവിന്റെ ഇന്ത്യാ സന്ദർശനത്തിന്റെ ഭാഗമായി ഡൽഹി വിജ്ഞാൻ ഭവനിൽ നടന്ന ഇസ്കസ് (ഇൻഡോ-സോവ്യറ്റ് സാംസ്കാരിക സമിതി) സെമിനാറിൽ ലിറ്റോ ഘോഷിന്റേയും (അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറി അജോയ്ഘോഷിന്റെ വിധവ) മെയിൻസ്ട്രീം എഡിറ്റർ നിഖിൽ ചക്രവർത്തിയുടെ പത്നി രേണു ചക്രവർത്തിയുടേയും കമ്മ്യൂണിസ്റ്റ് സൈദ്ധാന്തികൻ മൊഹിത്സെന്നിന്റേയും ഇസ്കസ് അഖിലേന്ത്യാ സെക്രട്ടറി വയലാർ രവിയുടേയും മറ്റും സാന്നിദ്ധ്യത്തിൽ ചന്ദ്രപ്പൻ നടത്തിയ ആ പ്രസംഗം ഏറെക്കാലം ഞങ്ങൾ പാർട്ടി സ്കൂൾ വിദ്യാർഥികളുടെ മനസ്സിൽ ആവേശത്തിന്റെ അനുരണനങ്ങൾ സൃഷ്ടിച്ചു. (വയലാർ രവിയെ പിന്നീട് ചന്ദ്രപ്പൻ ചേർത്തല നിയമസഭാ മണ്ഡലത്തിൽ പരാജയപ്പെടുത്തി).

## ഹിപ്പിക്കാലത്തിന്റെ അവസാനം

'ഹിപ്പിമുടി'യുമായി ചന്ദ്രപ്പൻ ഇടയ്ക്കൊക്കെ കേരളത്തിൽ വരുമായിരുന്നു. അങ്ങനെയൊരു ദിവസം തിരുവനന്തപുരത്ത് പാർട്ടി സംസ്ഥാന കൗൺസിൽ യോഗം നടക്കുന്നതിനിടെ, എം.എൻ. ഗോവിന്ദൻനായർ ചന്ദ്രപ്പനെ അടുത്ത് വിളിക്കുകയും തന്റെ നീളൻ ജുബ്ബയുടെ കീശയിൽ നിന്ന് അഞ്ചു രൂപാ നോട്ടെടുത്ത് "താൻ പോയി ഈ മുടിയൊക്കെ ഒന്ന് മുറിച്ച് വൃത്തിയായി വാ" എന്ന് സ്വതസ്സിദ്ധമായ മന്ദഹാസത്തോടെ ആജ്ഞാപിക്കുകയും കൗൺസിൽ യോഗം പൊട്ടിച്ചിരിയിൽ മുങ്ങുകയും ചെയ്തതായി സംസ്ഥാന കൗൺസിലിലുണ്ടായിരുന്ന മലപ്പുറത്തെ സഖാവ് ഗംഗാധരേട്ടൻ പറഞ്ഞതോർക്കുന്നു. (അന്നു പന്ന്യൻ രവീന്ദ്രൻ മുടി വളർത്തിത്തുടങ്ങിയിട്ടില്ല എന്നു തോന്നുന്നു).

ക്ഷുഭിതയൗവ്വനത്തിന് ഗ്ലാമർ പരിവേഷം പകർന്ന് ഡൽഹിയിൽ വിലസുന്ന അക്കാലത്താണ് ചന്ദ്രപ്പന്റെ ജീവിതത്തിലേക്ക് ബംഗാളിലെ സി.പി.ഐക്കാരി ബുലുറോയ് ചൗധരി കടന്നുവന്നത്. ആ കഥ ചന്ദ്രപ്പൻ തന്നെ പലപ്പോഴായി അനുസ്മരിച്ചിട്ടുണ്ട്. സി.പി.ഐ പാർലമെന്ററി പാർട്ടിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടായിരുന്നു ബുലുറോയിയുടെ പ്രവർത്തനം. പാർട്ടി എം.പിമാർക്കാവശ്യമായ വിഷയങ്ങളെക്കുറിച്ച് ഗവേഷണം ചെയ്യുക, പാർട്ടി കാഴ്ചപ്പാടുകൾക്ക് വിധേയമായി ഓരോ കാര്യങ്ങളും പഠനം നടത്തുക, പാർലമെന്റിൽ യഥാസമയം അവതരിപ്പിക്കുന്നതിനുള്ള ചോദ്യങ്ങളും രൂപരേഖകളും തയാറാക്കുക- സി.പി.ഐ പാർലമെന്ററി പാർട്ടിയുടെ കീഴിൽ ഇത്തരമൊരു ഗവേഷണവിഭാഗമുണ്ടായിരുന്നു. ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ ബിരുദമുള്ള ബുലുറോയ് ചൗധരി ഈ ഗവേഷണ വിഭാഗത്തിലായിരുന്നു. മികച്ച പാർലമെന്റേറിയനുള്ള പുരസ്കാരം ലഭിച്ച ചന്ദ്രപ്പനുമായി ബുലുറോയ് അടുത്തത് അക്കാലത്താണ്.

ബുലുവിന്റെ പിതാവ് പ്രൊഫുൽ ബന്ദുറോയ് എന്ന പി.ബി. റോയ് ചൗധരി ഒരു ഗവൺമെന്റ് കോൺട്രാക്ടറായിരുന്നു. വിഭജനത്തിനു മുമ്പ് ബംഗ്ലാദേശിൽ നിന്ന് കുടിയേറിയതാണ് ബുലുവിന്റെ കുടുംബം. സത്യജിത്റേയുടെ സിനിമകൾ വിതരണം ചെയ്ത കമ്പനിയിലായിരുന്നു ബുലുവിന്റെ പിതാവ്. പഥേർ പാഞ്ചാലിക്ക് രാഷ്ട്രപതിയുടെ പുരസ്കാരം ലഭിച്ചപ്പോൾ അത് സ്വീകരിച്ചതും ബുലുവിന്റെ അച്ഛൻ പി.ബി. റോയിരുന്നുവത്രേ.

ഇന്ത്യൻ പീപ്പിൾസ് തിയേറ്ററിന്റെ (ഇപ്റ്റ) പ്രവർത്തകയായിരുന്ന ബുലുറോയ് ചൗധരി മികച്ച നാടക നടിയായിരുന്നുവെന്ന കാര്യം അധികമാർക്കുമറിയില്ല. സി.പി.ഐ അനുകൂല പ്രസിദ്ധീകരണങ്ങളായിരുന്ന ലിങ്ക്, പേട്രിയറ്റ് എന്നിവയിൽ വാർത്തകളും ലേഖനങ്ങളുമെഴുതിയിരുന്നു അവർ. 'ബയോഗ്രാഫി ഓഫ് മാഡം കാമ' എന്നൊരു പുസ്തകവും ബുലു രചിച്ചിട്ടുണ്ട്.

പ്രണയത്തിനു പതിനാലു വർഷം പൂർത്തിയായപ്പോഴാണ് ചന്ദ്രപ്പനും ബുലുവും വിവാഹിതരായത്. ഡൽഹി എസ്.വി.ഘാട്ടെ ഹാളിൽ നടന്ന കല്യാണത്തിനു പാർട്ടി ജനറൽ സെക്രട്ടറി സി. രാജേശ്വരറാവു കാർമ്മികത്വം വഹിച്ചു. കേരളത്തിൽ നിന്ന് എം.എൻ, അച്യുതമേനോൻ, എൻ.ഇ. ബലറാം, പി.കെ.വി തുടങ്ങിയവരും വിവാഹച്ചടങ്ങിൽ പങ്കെടുത്തിരുന്നതായി ചന്ദ്രപ്പൻ എഴുതിയിട്ടുണ്ട്. മുപ്പത്തിനാലു വർഷം മുമ്പാണ് കേരളത്തിന്റെ മരുമകളായി ഈ ബംഗാളി കമ്മ്യൂണിസ്റ്റുകാരി എത്തിയത്. 'വയലാർ സ്റ്റാലിൻ' സി.കെ. കുമാരപ്പണിക്കരുടെ പുത്രവധുവായി ലളിതജീവിതം നയിച്ചു വരികയാണ് ബുലുറോയ്. ചന്ദ്രപ്പൻ-ബുലു ദമ്പതികൾക്ക് മക്കളില്ല.

സർ സി.പിയുടെ ചോറ്റുപട്ടാളം വയലാറിൽ താൻ പിറന്ന കുന്തിരിശ്ശേരി വീട് അഗ്നിക്കിരയാക്കുന്നത് കാണേണ്ടി വന്ന ഹതാശനായ ബാലനാണ് ഇന്നു നാം കാണുന്ന ചന്ദ്രപ്പൻ. കേറിക്കിടക്കാനിടമില്ലാതെ അമ്മയുടെ നാടായ തൃപ്പൂണിത്തുറയിലേക്കു മാറിയ ഈ വിപ്ലവകാരി മഹാരാജാസ് കോളേജിൽ പ്രവേശനം നിഷേധിക്കപ്പെട്ടതിനാൽ ചിറ്റൂർ ഗവ. കോളേജിൽ ചേർന്നു. ഗോവാ വിമോചന പ്രസ്ഥാനത്തിൽ പങ്കെടുത്ത് പഠനം മുടങ്ങി. വീണ്ടും യൂണിവേഴ്സിറ്റി കോളേജിൽ. പറങ്കിപ്പടയോട് പോരാടിയ പാരമ്പര്യം സിരകളിൽ. തുടർന്ന് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിദ്യാർത്ഥി -യുവജനപ്രസ്ഥാനത്തിലെ മുൻനിര നേതാവായി ഉയർന്നു.

അർബുദത്തിന്റെ അദൃശ്യമായ ഞണ്ടിൻകാലുകൾ വരിഞ്ഞുമുറുക്കാനെത്തിയപ്പോൾ പതിയെപ്പതിയെ ചന്ദ്രപ്പൻ കുതറി മാറി. എന്തായാലും ഒളിച്ചുകളി നടത്തുന്ന അസുഖങ്ങളേയും ആരോഗ്യപ്രശ്നങ്ങളെയും ആത്മവിശ്വാസത്തോടെ അതിജീവിച്ചുകൊണ്ട് പാർട്ടിയുടെ സാരഥ്യം ധീരമായും സത്യസന്ധമായും ഏറ്റെടുക്കുന്നുവെന്ന പ്രതിജ്ഞയാണ് അദ്ദേഹമെടുത്തിട്ടുള്ളത്. അത് പാലിക്കാൻ അദ്ദേഹത്തിനു സാധിക്കട്ടെ. ■